centrated in the garrison. In July 1742 the Dutch were actually besieged in their strong fortress of Quilon. On the advice of Duyvenshot various attempts were made by the Raja to storm it but he suffered heavy losses and had to give it up. It was now rumoured that the Dutch Governor-General Van Imhoff was on his way to the east with a large fleet and both sides were willing to come to terms. The net result was that after four campaigns Marthanda Varma became more powerful than he had ever been before, and the Dutch were compelled to recognise all his claims and the Company dropped all schemes for territorial acquisitions on the West Coast. In 1753 the Dutch finally came to terms with Marthanda Varma. They were not to stand in the way of Travancore absorbing all the petty principalities of south Malabar and were to supply him with 12000 rupees worth of arms annually on payment. He on his part was to supply them with all the piece goods manufactured in his country, with 3000 candies of pepper annually from his hereditary possessions (Travancore and Attingal) at Rs. 65 per candy and two-thirds of that quantity from the principalities which he had conquered or might conquer through the neutral attitude of the Company. By this the Company reverted to their policy of helping a native prince in return for a tribute in kind, for the market price was about Rs. 50/- in excess of the stipulated price. The Maharaja honestly intended to deliver the full amount although he argued that the 2000 candies to be supplied from lands conquered or to be conquered were not due as the Dutch by preventing his absorbing the Cochin and Calicut kingdoms had not fulfilled their part of the bargain. Any how Travancore was now able as a result of the change in Dutch policy to absorb all the smaller principalities south of Cochin and a part of itself. Cochin continued to exist because it was under the immediate protection of the Dutch and Calicut because the Dutch barred the way at Cochin. Dutch policy thus helped to create a strong state out of the numerous principalities of south Malabar with armies trained by Dutch deserters. It is held that the first step in the modernisation of Indian armies took place in Travancore under Lanoy and Duyvenshot. As Galletti says, the resistance offered by Travancore to the formidable armies of Mysore at a time when they were disputing the British supremacy in South India is a historical fact of no small importance.

7. A comparative study of contemporary Dutch memoirs and the relevant volumes of the Angengo Diary throws a flood of light on the economic and political history of the last decade of Marthanda Varma's reign. The chief commercial products of his territòries were pepper and piece goods. The former was found north of Vizinjam and the latter south of it. Pepper trade was in the hands of Syrian Christian merchants of Chattanur, Parur and other places. The piece-goods trade was conducted by Chetty merchants. These merchants were allowed to trade with Western merchants only with the permission of the Raja. In fact

the Raja assigned certain tracts definitely to the trade of the English merchants. The merchants were anxious to get pepper at low prices but there were other profitable markets available, especially Pandy (Tinnevelly and Madura). The motive of the Raja in allowing goods to English merchants was the desire of getting arms. The statements in the Dutch records and the military despatches of the English that it was with the help of the English arms that Marthanda Varma won his great victories are amply borne out by references in the Angengo Diary about the negotiations between the Raja and the English "A Candy of pepper for a musket" was usually the Raja's formula. Rivalry of the Dutch and English enabled the Raja to obtain the best terms. At Angengo the position of the English depended entirely upon the good will of the Raja. Consequently they had to exercise care in their dealings with him. Just as the desire to expand northward brought the Raja in conflict with the Dutch, so the Raja's desire to expand eastward in the Tinnevelly region at the expense of the Nawab of the Carnatic who was an ally of the English created delicate situations for the English. At the time of the war between the English and the French the Anjengo factors were deeply grateful for the support promised to the English by the Raja. Financial interests of Travancore did not always permit the Raja to let the merchants have their way. If contracts were not always kept by the Raja's officers it must be urged in extenuation that the contracts were unfair to the inhabitants of the country and were only acquiesced in by the Raja because of his military weakness.' Problems connected with the Rupee-Fanam exchange had always to be dealt with carefully by the merchants. The Raja's desire to use his currency at Anjengo was resisted. Towards the close of his reign the English also felt that the French were occasionally allowed to trade on the Travancore coast in violation of engagements with the English. Fear of the Dutch once led the Raja to offer the whole produce of the country—both pepper and cloth to the English Company if they would undertake to protect the sea-coast and guarantee the coast from invasion by other Europeans. The English did not feel that this was due so much to his good-will to them as to his fears about others. However the English merchants were anxious not to displease him and submitted that they must refer the proposals to Bombay as they were not competent to give such assurances. Similarly the demands for artillery and big guns were evaded while small arms were given in plenty. In addition to wars and trade the Raja was interested in opening up the country and it was during this reign that the canal connecting Quilon with the south was constructed. During the closing years of his reign he was not willing to put captured rebels to death and often handed them over to the English to be shipped to distant places. The statesmanship of this ruler, his vigorous efforts for the peace and prosperity of his newly created state, and his desire to prevent unjust commercial exploitation without at the same time re-

tarding the prosperity of his people are all matters which call for fuller elaboration than is possible in this paper. But enough has been said here to make it clear to all keen students of the history of the state created by Marthanda Varma and now ruled hy his illustrious descendant who has inaugurated a University for the State that there is no dearth of material for interesting and exacting historical studies bearing on Travancore and her peoples.

T. I. POONEN.

---

# KAMALA REGAINED

A three-storied, gigantic, concrete building, massive with its terraced portico, overlooks a meadow sublimely picturesque with its brilliant and bright coloured flowers. Behind this famous educational institution is a prosperous little village with cottages, farms and a small church. Far at the back wild, rugged, blue, gray hills tower majestically towards the receding sky. To the north of this high school lies an old railway track over which the huge one-eyed monster rattles at every appointed hour of the day. Almost parallel to this line runs a brook from the still mountains on the other side, with a ferry quite close to the school. Consequent on the construction of a bridge in place of the old ferry, the old ferryman is aware that he and his progeny have to face poverty, yet he makes himself merry amidst the younger generation of the school, cracking jokes with them after their day's work in the playground.

One evening after a strenuous game the students of this institution sat down for relaxation on the low walls in front of their hostel adjacent to the school. The sun was setting. The evening train was passing over the old track and the ferry boats were plying busily across the stream. The shallow water, more lively than usual, reflected the gold and silver of the sky. Music in the neighbouring temple filled the air. Yet the boys kept on discussing their so called "adventures of the day" in the school premises.

The slow advance of a slim and unsteady figure clad in dim, old, blue and red, from the ferry, sent an electric thrill through the spine of each youngster. A lady of youthful charm but pale, approached, stopped before the hostel gate with a questioning look and turned quickly away with a sudden blush. Curious questions and answers about her were exchanged among them while Pannu, the pet of the scholars as well as the teachers, watched the receding figure with staring eyes, till she disappeared from view beyond the sharp bend of the road. It was certainly pathetic to see Pannu in one of his melancholy moods. The reason of his sorrow had formed the subject of constant questions but never did he give an answer. Now, Pannu lost possession of himself for a moment and presently sank into pensive gloom. On reaching the hostel he retired to bed in a weak state of body as well as mind and dozed

away till the bell for supper woke him up.

Bath was over and supper finished. Some had lighted their lamps, and some were busy arranging books and a few were seated before their books in a studious mood. An absolute silence reigned over the building just after prayer. A chair was vacant in a room and Pannu was missing.

There he is alone in the faintly lit dining room with an open snap album in front of him. Constantly he raises his eyes from the book but again stoops for a closer scrutiny. His eyes are fixed on the photo of a small girl of rare beauty. This girl is the lost sister of Pannu. In her seventh year she was lost by her parents in a vast crowd that flocked to witness the grand birthday celebrations of their ruling sovereign. The bereaved parents made every effort but in vain to trace their darling Kamaleswari, the beloved sister and companion of little Pannu then five years of age. For three years, there hardly passed a day on which the afflicted brother failed to ask his mother, "When will my Kamala come and play with me?" The usual answer he received was, "Perhaps she will come tomorrow," accompanied by the mother's silent tears. By slow degrees Pannu realised the loss of his only sister and stopped repeating the old silly question but frequently dreamed of a Kamala rapidly growing as handsome as he could imagine. Now, he carefully compares this picture of Kamaleswari in the album with that in his mind of the lady whom he had seen in the evening. His wistful eyes gleamed for a while when he imagined that the lady might be his sister. He casts a cautious look all over the room and once more assures himself of his solitude and frequent sobs mingled with sighs express his affliction of spirit.

Ten days passed, and Pannu was much sadder. All his efforts to trace the lady had proved futile. And now the term was over, and Pannu along with his mates prepared to go home. His heart beat violently as the train approached the platform. Could the lady be in the train? He explored all the compartments eagerly only to draw a blank. The train steamed off just as he managed to jump in. He watched all who happened to pass by him but the face he was looking for was not there. Two long hours elapsed and the train stopped where Pannu was to get down. He stood motionless at the station and threw a last look at the departing train. With slow steps of despair he quitted the spot for home.

* • *

Kamala wandered on in bewilderment, a stranger in a strange world. Her only recollection was that of her little brother and beloved parents but no name or place to serve her for a guide. Whenever she happened to see a youth of handsome appearance she used to have a sudden reflection of her small brother grown up. So she seemed to see a picture of her brother grown up in Pannu seated on the wall that evening when she was noticed by him in the hostel. But the probability of her own brother's presence there was remote and so she passed by with a

disturbed heart. She had almost given up all hope of finding out her parents and brother. By the kind advice of a widow she was directed to the temple of Jagannath where she decided to spend the rest of her life as a devotee of the god in case she was left untraced by her kindred.

To the great joy of Pannu, when he alighted from the train, he was encouraged by the local police inspector to make another investigation at the temple at Killinoor. The old widow who direct d Kamaleswari to that temple was the sister of the old ferryman. She had communicated the news about Kamala to her elder brother on his visit to her, quite unaware he was giving him a clue. At the mention of the word "Kamala" the ferryman ran towards the police office and immediately reported the matter to the police inspector who at the very instant started in his car to get hold of Pannu at the other station where he was expected to get down and catch the bus for home. So Pannu accompanied by the police inspector and two constables started for the temple. The sacred edifice seemed to greet the party with a message of hope.

The acharya of the temple admitted that a lady of the same description as Pannu gave, but with a slightly different name, had joined the company of the holy worshippers just three days back. But whether she was within the boundary of the temple or whether she had even left the place was beyond his knowledge. However, he said, all worshippers were expected to be present at the evening puja. The affectionate brother explored every nook and corner of the temple in vain, for the lost girl. He then ordered some refreshments and was resting with his friends when the bell for the evening worship echoed over the place. From the river worshippers flocked before the altar of Jagannath. Pannu's company stood on an elevated heap of sand near the gate, from where one could see all who passed by the doorway. After worship the votaries dispersed in small groups. Yet the one who was sought was nowhere to be found. Utterly disappointed, Pannu turned aside to mop his brow flowing eyes when he recognised his sister returning from the inner apartments of the temple. She hesitated in wonder first at the sight of Pannu but soon recognised him and flung her feeble arms round his neck in response to the affectionate call "sister."

The happy band walked towards the acharya to get his permission for releasin g Kamaleswari from her obligations. The police authorities left the sister and brother after expressing their heartfelt congratulations. Kamala related to her brother the whole account of her miserable life from the instant she was carried off from the crowd by a Bengali till her providental recovery by Pannu. The holy Guru bestowed every blessing upon the happy pair who soon left for home. Pannu lost no time to wire to his ever waiting parents.

The next morning Kamala found herself encircled in the arms of her parents. Words cannot express the joy of the long bereaved parents. Pannu was received with equally warm greetings. Visitors

flocked about the house to have a glimpse of the regained Kamala. Who was most happy now—Kamala, Pannu, their parents, or their friends ?

C. M. ACHAMMA,
*Class I, Gr. ii a.*

---

# COLLEGE CHRONICLE

*September 1939.*

20. The College re-opened after Onam Vacation.

22. Rt. Rev. Mar Theodosius, O. I. C., of the Orthodox Syrian Church arrived in the evening.

23–25. Retreat for the Malankara Syrians conducted by the Rt. Rev. Mar Theodosius, O. I. C.

24. Sermon at the united service in the College Chapel was preached by the Rt. Rev. Mar Theodosius.

30. Review of the Junior B. A. & B. Sc. students was held from 9. 30 to 10. 30 a. m.

*October 1939.*

1. A special service was held in the College Chapel in the evening in connection with the Day of Prayer for International Peace.

11. A meeting of the Literary & Debating Society was held at 3. 15 p. m. Mr. A. Aravamudha Ayengar presided.

14. Review of the Junior Intermediate Class was held from 9. 30 to 12. 30 and from 2. 30 to 3. 30.

18. A magical performance was given by Mr. K. Appu and party at 4. 15 p. m.

19. Rt. Rev. H. Pakenham-Walsh of Tadakam, Coimbatore, arrived at 8. 30 a. m.

19, 20. Staff Retreat conducted by Rt. Rev. H. Pakenham-Walsh.

20—23. Retreat for the past and present students of the College conducted by Rt. Rev. H. Pakenham-Walsh.

22. United Chapel Service in the evening was taken by the Rt. Rev. H. P. Walsh.

23. The Rt. Rev. H. P. Walsh addressed the whole College at 9. 15 a. m. on " The Wolf Children of Midnapur."

28. A Hockey match played between this College and the Changanacherry College was won by us by 3 goals to nil.

*November 1939.*

2. The College Football Team left for Kottayam to play Inter-Collegiate matches there.

3. Football match played between this College and the Changanacherry College at Kottayam was won by us by 4 goals to 1.

4. Football match played with Kottayam College was won by us by 3 goals to 2.

11. Mr. K. A. Mathew, B. A., Secretary of the S. C. M., spoke about the Amsterdam Conference and his recent experiences in the West at 9 a. m.

16. Mr. Frank Wheatly, an expert on elocution, addressed the College at 4. 10 p. m. on the art of elocution. The lecture lasted for about an hour and a half and was much appreciated by students and staff.

*December 1939.*

22. College closed for Christmas Vacation.

*January 1940.*

9. College re-opened after Chrismas.

,, Results of the Selection Examination were announced.

11. *College Day :* Special College Day Service in the morning was conducted by Mr. K. K. Kuruvilla, M. A., B. D., Principal, M. T. Seminary, Kottayam. The Public Meeting in the afternoon at 2 p. m. was presided over by Sri S. Satyamurti, B. A., B. L., M. L. A. (Central), Mayor of Madras. Dr. K. T. Behanan, M. A., Ph. D. of the Yale University, and Messrs. K. T. Mathew and P. J. Kurien were the speakers. There was a dramatic entertainment at night, and the College Day Social and the meeting of the Old Students' Association were held the next day.

13. Rt. Rev. Mar Theodosius, O. I. C., arrived in the evening.

13—15. Retreat for the Malankara Syrians conducted by the Rt. Rev. Mar Theodosius.

*February 1940.*

3. The Pro-Vice-Chancellor inspected the College in the afternoon. The College Staff met him at Tea at 4. 30 p. m.

4. Rev. G E Hubbard of Tinnevelly arrived in the afternoon to advise the College about the proposed Chapel.

9. The Rev. C. G. Early of the Methodist Mission visited the College.

14. The afternoon was declared a holiday in honour of the success of our athletic teams at the Inter-Collegiate Sports at Trivandrum.

15. The Valedictory Meeting of the Associated Societies was held at 5 p. m Messrs. S. Y. Krishnaswami, I. C. S. and G. Sankara Pillai, M. A., L. T. addressed the meeting.

23. Regular lectures for the Senior Classes stopped.

*March 1940.*

8. Annual Examination commenced.

15. College Closed for the Midsummer Vacation.

## പ്രേമാച്ചന

(പെരുവാരം കൃഷ്ണൻ നായർ)

അന്നുഷസ്സന്ധ്യയിൽ 'പൂക്കുട' യേ- [ന്തിനി
വന്നുനിന്നെൻ മലർവാടിയിൽ, മോഹി- [നി!
ശബ്ദാർത്ഥ സമ്മേളനാത്മകമായിട്ടും
തത്വാബ്ധിയേന്തുന്ന സൽക്കാവ്യമെന്ന- [പോൽ.
നിർന്നിമേഷാക്ഷനായ് നിന്നെയും നോക്കി [ഞാൻ
നിന്നുപോയ്, വിസ്മയസ്തബ്ധനായങ്ങ- [നെ;
നിൻകരകങ്കണനിക്വണിതങ്ങളാൽ
എൻകരൾക്കമ്പും തരിക്കുമാറങ്ങനെ.

കെട്ടഴിഞ്ഞാക്കുളിർ കുന്തളരാജികൾ
തൊട്ടുഴിഞ്ഞന്നുനിൻ കാലടിപ്പാടുകൾ;
നിൻകരസ്പർശനലാളനമേററൊരു
നിർവൃതിക്കൊണ്ടു പോയ് പൊന്നലർ ക്കാ- [വുകൾ;
ലോലാളകങ്ങൾ തലോടിത്തലോടി, ഹാ!
മാലേയ മാരുതൻ പോലും തളർന്നുപോ- [യ്!! ..........

കാലകല്ലോലകലാപത്തിലെന്മനം
ലീലാവിലോലം പറന്നുപോയിടിലും
എൻ കരൾക്കാമ്പിൽ കലാബോധമേററി- [യ
കണ്മണി! -നിന്നെ മറക്കുവതെങ്ങനെ?
വിസ്മരിച്ചീടാൻ കഴിവില്ല; നിന്നിലെ
മാസ്മരശക്തിക്കടിമയായ്ത്തീർന്നു ഞാൻ...!!
എത്ര കാവ്യങ്ങൾ പകർത്തി വച്ചിടിലും
എത്ര ചായങ്ങൾ ചിലവഴിച്ചീടിലും
കാളിദാസൻേറ കവിതക്കുമാകില്ല
കാതരേ! — നിൻ രൂപമാധുരിയോതു- [വാൻ.. ... ..

അത്രക്കലഭ്യനീയെങ്കിലു, മെന്മനം
നിസ്തുലേ! നിന്നിൽ നിലീനമായ് കേവ- [ലം
ചാരിതാർത്ഥ്യത്തിൻ സുശീതള ച്ഛായയിൽ
ചാഞ്ഞു ഞാൻ,—മാപ്പെനിക്കേകുകെന്നോ- [മലേ!! .......

---

## കിളിക്കൂട്ടിൽ

(ബാലകൃഷ്ണൻ നായർ, അത്തൂർ)

പൊൻപണപ്പൊള്ളപ്പുഞ്ചിരി തൂകി
പ്പൊന്തുമിപ്പള്ളിമേടയിൽ,
പാരതന്ത്ര്യത്തിൻ പഞ്ജരമിതാ
പാരമെന്നെ വലയ്ക്കയാം!
പങ്കിലലോകമേന്മയെന്തിനു
പാടി വാഴ്ത്തി ഞാൻ വാഴണം?
ത്യാഗഹീനരായുള്ളോർക്കേന്തിനെൻ
രാഗരാജിത ഗീതങ്ങൾ!

വാനചുംബിതം ദൂരെക്കാണുമ-
ക്കാനനാന്തം മമാലയം!
മാരണംചെയ്യും വേടരില്ലൊട്ടും
മാമക ജന്മ ഭൂമിയിൽ
സ്വാതന്ത്ര്യാമോദം പൂശുമങ്ങുള്ള
ശീതള വന വാപികൾ,
തൈമണിത്തെന്നലേററിളകിടും
താമരയിലക്കൈകളാൽ,

മാദകോച്ഛ്വലം മന്മനസ്സിനെ
മാടിമാടി വിളിയ്ക്കുയാം!

സ്വച്ഛ നീലിമ ചിന്തും വിണ്ണിലെ–
ന്നിച്ഛപോൽക്കളിയാടിയും,
ഉൾക്കുളിരേകുമാ വയലിൻ പൊൻ
നെൽക്കതിർക്കുല കൊത്തിയും,
ആവനമരക്കൊമ്പിലാവസി-
ച്ചോമനയോടൊന്നിച്ച ഞാൻ!
ആ സുവർണ്ണ ദിനങ്ങളെൻ മനോ-
വാനവാർ മഴ വില്ലുകൾ! .........

കാഹളമൂതി യുദ്ധമെത്തുന്നി-
ജ്ജീവിതപ്പുലർ വേളയിൽ,
ഘോരവിഷ്ഫുലിക്കിടപ്പൂ നീളവേ
നിരദപ്പടയാളികൾ!
പ്രാലേയത്തുവെൺ തുള്ളികളാല-
പ്രാചി കണ്ണുനീർ തൂകയാം!
സ്വാത്മലോലുപ മർത്ത്യലോകത്തിൻ
കീർത്തി പാടുകയില്ല ഞാൻ
തപ്തരോദനം കേട്ടു പൂമച്ചിൽ
സുപ്തിചെയ്യുവോരാണവർ!

ഭീമമർദ്ദനാസക്തി പോയെങ്കിൽ,
ഈ മണിക്കൂട്ടു വിട്ടെങ്കിൽ.
സ്വർഗ്ഗസൗഖ്യാനുഭൂതിയേകുവാൻ
നിർഗ്ഗളിക്കും മദാലാപം.

## പരീക്ഷ

ഗോപിനാഥൻ, കാലടി

ഒന്ന്. നാളെയാണത്രേ, നാളെ
രാവിലെയത്രേ ആരു-
നാളായ് ഞാൻ സ്വപ്നം കണ്ടു-
വന്നൊരപ്പരീക്ഷണം
ഞാനേററം വെറുക്കുമെ-
'നൈചരിക'ം പരിഹാസ-
ലീനമാം നോട്ടത്തോടെ
പല്ലിളിക്കുന്നെൻ നേരെ
..............................
കേവലശുഷ്കങ്ങളാം
ശാസ്ത്രനിർവ്വചനങ്ങ-
ളാവിധം കാണാപ്പാഠ-
മാക്കി ഞാൻ പകർത്തണം
പേരെഴുമൈസക്ന്യൂട്ടാ,
യൂക്ലിഡേ, ശ്രീമാൻ ഡാൾട്ടാ,
പാരിതിൽബ്ഭവാദൃശർ
പിറക്കാതിരുന്നെങ്കിൽ!
..............................
രണ്ട്. എരിയും വിളക്കിന്റെ-
യരികിൽത്തുറന്നു വ-
ച്ചൊരു പുസ്തകത്തിന്റെ
പുറകിലിരിപ്പൂ ഞാൻ.
ഇരവിൽപ്പ്രകൃതിയും
കുഴിയാറായെന്നാലോ
തലയിൽക്കേറുന്നില്ലി-
ത്തത്വങ്ങളൊന്നും തന്നെ
കറക്കംകൊള്ളുന്നല്ലോ
മാമകസിരാചക്രം;
ഉറക്കം വരുന്നല്ലോ—
കഷ്ടമീശാസ്ത്രാഭ്യാസം!

# പാഴ്ചെളിയിൽ

(പി. കെ. ജനാർദ്ദനൻ, ആലപ്പുഴ)

i

പാഴ്ചെളിയിൽ പതിച്ചുപോയ് ലോകം
പാഴ്ചെളിയിൽ പതിച്ചുപോയ്!
ക്രൂരത നടമാടി നിന്നിട്ടും
ഘോരരംഗമായ്ത്തീർന്നുപോയ്
സ്വാർത്ഥതയാകും മൂടൽമഞ്ഞിനാൽ
പരാർത്ഥിയാകെ മറഞ്ഞുപോയ്
ഇന്നു, ഹിംസ താൻ മുക്തിദായക-
മെന്നു മർത്ത്യൻ നിനച്ചുപോയ്
കൂരിരുട്ടിന്റെ വായിലാ ഹന്ത!
പാരിടം വീണു താണുപോയ്.........!

ii

പൊങ്ങിനിന്നൊരു ദിവ്യദീപങ്ങൾ
മങ്ങി മങ്ങിയണഞ്ഞുപോയ്
അത്യഗാധഗർത്തോദരം പൂകി
സത്യമാദിയാം രത്നവും
സോദരത്വവും, സ്നേഹശീലവും
ഹാ! തപിച്ചു പറന്നുപോയി.
പള്ളിമേനാവിലേറിയാർദ്രത
കൊള്ളിമീൻപോലെ പാഞ്ഞുപോയ്
ദീനദീനമായെങ്ങുമേ ദയ-
നീയരോദനം കേൾക്കയായ്!

ഭൂതലം പുതുസ്വർഗ്ഗമാക്കുവാൻ
ചെയ്ത യത്നങ്ങൾ വ്യർത്ഥമായ്
ജേതാവാകാനുയർന്നൊരീ നരൻ
പാതാളംവരെ താണുപോയ്.........!

iii

ബാലസൂര്യനെക്കാത്തിനിയെത്ര-
കാലമിവിധം പോക്കണം
ആവതും കലങ്ങിക്കിടക്കുന്ന
പൂർവ്വദിങ്മുഖമൊക്കെയും
വീതരാഗയായ്ത്തന്നെയാനടി
ഗീതഹീനയായ് നില്പിതാ
കാൺമതില്ലുഷത്താരലരിന്റെ
വെൺകതിർക്കുലപോലുമേ!

iv

പാഴ്ചെളിയിൽ പതിച്ചുപോയ് ലോകം
വീഴ്ചയത്യുഗ്രമായിതേ!
ആരിനി, യെന്നു വീണ്ടെടുക്കുമീ-
പാരിനെ—പരമാത്മയെ—!!

---

# ആത്മസന്ദേശം

i

ലോകമാംപൂവാടിയിലാത്മസൌരഭം തൂകി
യാകുലവിഹീനമീ ജീവിതം വിരാജിക്കേ,
ദുർമുഖം കാണിയ്ക്കുന്ന ചിത്തമേ! ധർമ്മത്തിന്റെ
നിർമ്മലപ്രകാശത്തെ നിപുണന്നീടാറില്ലേ?

ii

സ്നേഹത്തിൻ സൌരഭ്യവും സത്യത്തിൻ വിശുദ്ധിയും
മോഹനപ്രസൂനമേ! -നിന്നിലുൾക്കൊള്ളുന്നോരം
കാപട്യം നടിക്കുവാനെങ്ങനെ തോന്നും—വെറും
ചാപല്യമോർത്തോർത്തു നീ നിശ്വസിച്ചീടാറില്ലേ?

iii

നിസ്തുല ത്യാഗത്തിന്റെ സംതൃപ്തിയുൾക്കൊണ്ടെന്നും

നിത്യതാനികേതത്തെ തേടിട്ടുംവിഹംഗമേ!
ലോലമാം പക്ഷം വീശി നീ പറന്നാലും,
ഭുവിൻ-
മേലെയായ്, ദൈവത്തിൻെറ വായുവിൽ,
വെളിച്ചത്തിൽ

എൻ. ആർ. പ്രഭാകരൻ.
ii. U. C.

---

## എന്നും കാമ്യം

(ആറന്മുള എൻ. രവീന്ദ്രനാഥ്)

ഓമനേ! ശാരദേ! മാമകജീവിത-
ധാമമായ് വാഴുന്നപൊൻ വിളക്കേ!
സ്വച്ഛന്ദംസൌഹാർദ്ദജീവിതപ്പൂന്തോപ്പി
ലിച്ഛപോൽ വാണാലുമോമലാളേ!
കണ്മണി നിൻമിഴി വീക്ഷണമെന്നേക്കു-
മെന്മനം തേടുന്ന മുത്തുതന്നെ.
സൌഹാർദ്ദസങ്കേതസൌകമാര്യാരാമ-
സാമീപ്യമാണെനിക്കെന്നും കാമ്യം
വാനംതെളിക്കുന്ന ശാരദചന്ദ്രനി-
സ്ഥാനത്തുനിന്നുടൻ മാറിയാലും;
വാരിധി കോപിച്ചീലോകം മുഴവനും
നീരിൽകളിപ്പിച്ചു താഴ്ത്തിയാലും;
അംബരം പെട്ടെന്നു താറുമാറായെൻറ-
മുമ്പിലേക്കിപ്പോൾ പതിച്ചെന്നാലും;
സുന്ദരസൌരഭസങ്കേതമാകമീ-
മന്ദാരം പെട്ടെന്നു മങ്ങിയാലും;
നട്ടുച്ചനേരമീസൂര്യൻ ലസിക്കുമ്പോൾ
പെട്ടെന്നു രാവായി മാറിയാലും;
തെല്ലും വകവയ്ക്കാ; ലോകമേ! നിൻഗതി-
തെല്ലുമെനിക്കു രസിക്കയില്ല.
ഇങ്ങിനെയെങ്കിലുമോമനേ നിൻ മുഖം
മങ്ങിയാലെൻ മനം ചിന്നിപ്പോകും.
ജീവിതം ശൂന്യമാം, തുലികനിശ്ചല-
മോമനേ സർവ്വവും ശൂന്യശൂന്യം.

---

## ജീവിതവീഥിയിൽ

എന്നു ഞാനിദ്ധരതന്നിൽപ്പതിച്ചുവോ,
അന്നു തുടങ്ങി ഞാനോട്ടം:
ഏററവും ദൂരത്തിൽ നിന്നു വിളിയ്ക്കുന്ന
''സൌഖ്യം''മൊന്നാണെൻെറ നോട്ടം.
ഋഷികൾ, ഭിക്ഷുക്കൾ, മന്ത്രികൾ, ഭൂപാ-
[ലർ—
ഞാൻ കണ്ട മുട്ടാഞ്ഞോരില്ല!
എന്നാലുമെൻ കാമ്യ വസ്തുവെപ്പററിയൊ-
രക്ഷരം ഞാൻ ഗ്രഹിച്ചില്ല!!
'എങ്കിലുമായതൊരല്പനേരത്തിനാൽ
ആയിത്തീർന്നിട്ടുമെൻനേട്ടം',
എന്നു ഞാനോതിയെന്നന്തരംഗത്തോടാ-
[യ്
വീണ്ടും തുടർന്നിതെന്നോട്ടം.
പേർത്തുമേ ദൂരത്തിൽ, മിന്നിയരക്ഷണം,
''ആനന്ദ''മാം കളഹംസം!

*   *   *

എത്തിപ്പോ, യെത്തിപ്പോയെന്നോർത്തു
പാഞ്ഞു ഞാൻ
ആശയാം പാതയിൽ കൂടി.
ആട്ടം ലതകളും, പാട്ടും കിളികളും,
ഹാസ്യപ്പൂപ്പുഞ്ചിരി തൂകി;
കണ്ടകദന്തുരമാകും വനങ്ങളൊ
വേദനയെൻ കാലിന്നേകി;
പാടത്തു നിന്നങ്ങു മേഞ്ഞോരു ഗോക്കളും
ഗൌനിച്ചതില്ലെന്നെയൊട്ടും!
എങ്ങോട്ടു പാഞ്ഞാലു മോടിമാറിക്കണ്ടു,
പാരിച്ച ദിക്കുകളെട്ടും!

*   *   *

പാഴ്നിരാശാ മണൽക്കുന്നിൻ മുകളി-
[ലാ-
യെത്തി ഞാൻ നിന്നൊന്നു നോക്കി:
പൊള്ളയാം ജീവിത തത്വങ്ങളെന്നെ മാ-
ലേററിപ്പരവശനാക്കി.
പിന്നെയു 'മക്കരെപ്പച്ച' യായ് തോന്നി
ച്ചോ—
രാശയാം പാതയിൽ കൂടി,
മാമുനിവര്യരും വാനോളം വാഴ്ത്തുന്ന
"സൌഖ്യം' തിരഞ്ഞു ഞാനോടി:
ജീവിതപ്പേരാളും മാമരുഭൂമിയിൽ
ആനന്ദസൂനത്തെ തേടി,
ഓടി നടപ്പോരു ഭ്രാന്തനിവനെന്ന്
കാണികളൊക്കെയുമോതി.

C. A. Isaac,
Class II

---

# ജയിൽപ്പുള്ളി

(എം. ഇ. ചെറിയാൻ, തിരുവല്ലാ)

കാറും കറുപ്പും നിറഞ്ഞ ഈ കപടലോകത്തിൽ വീണ്ടും ആശ നിക്ഷേപിക്കുന്ന ഒരുത്തനുണ്ട്; വിദ്യാർത്ഥി. നവംനവങ്ങളായ ആശയങ്ങളെ വച്ചുപുലർത്തുകയാണ അവനൊരു ജോലി. അവനൊരു നിമിഷത്തിൽ ഒരായിരം മണിപ്രാസാദങ്ങൾ പണിയും; അടുത്ത മുഹൂർത്തത്തിൽ അവയെല്ലാം നിലംപതിയും; വീണ്ടും പണിയും, നശിക്കും. അപാരമായ മരുഭൂവിൻെറ മദ്ധ്യത്തിൽ കളകളമുതിക്കുന്ന കൊച്ചരുവി നിർമ്മിക്കുന്നവനാണ് വിദ്യാർത്ഥി. കരിമ്പാറയുടെ മുകളിൽ ചെന്താമര വളർത്താൻ ശ്രമിക്കുന്നതാണ അവനു രസം. ലോകത്തിൽ അവൻ കൊതിക്കാത്ത സ്ഥാനമില്ല. അവൻ ആശിക്കാത്ത വസ്തുവില്ല. അവനു ജീവിതമെല്ലാം മധുരമനോഹരമായ ഒരു ഓമന സ്വപ്നം.

നവകാന്തി ചിന്തുന്ന ആശയങ്ങളെ വച്ചു പുലർത്തുന്നവനായിരുന്നു രവിയും. വിധിയുടെ വൈകല്യങ്ങൾക്കു ഒരു കളിപ്പാവയായിരുന്നു അവൻ. രവിയെ നിലത്തെഴുത്തുക്ലാസ്സിൽ കൊണ്ടുചേർത്തപ്പോൾ സാധുക്കളായ അവൻെറ മാതാപിതാക്കൾ വിചാരിച്ചുകാണും, "നാലാം ക്ലാസ്സിൽ ജയിച്ചുകഴിഞ്ഞാൽ നാല്പ ചക്രവും കൊടുത്തു ഇവനെ ഒരു തൊണ്ടുകച്ചവടത്തിനു അയയ്ക്കണം." ആ കഗ്രാമത്തിലെ ദമ്പതികൾക്കു അതിൽ കൂടുതൽ ആശയില്ലായിരുന്നു. മററു ചെറുപിള്ളേർ തൊണ്ടുകച്ചവടം നടത്തി ദിവസം ഒരു ചക്രമെങ്കിലും ലാഭമെട്ടുക്കുന്നതു കണ്ടപ്പോൾ അവരും രവിയ്ക്കു ഒരു ശോഭനമായ ഭാവിയെ പ്രതീക്ഷിച്ചു. ഒരു ചക്രമുണ്ടെങ്കിൽ, ഒരു റാത്തൽ കപ്പയും കാൽചക്രത്തിനു മീനും. ജീവിതം സുഖം.

പക്ഷെ വിധി വിട്ടില്ല. രവിയുടെ അച്ഛനു ഒരു ഏഴുരൂപാ ശമ്പളത്തിൽ ഒരു ചെറിയ ജോലി കിട്ടി. നാലാം ക്ലാസ്സു ജയിച്ച രവിയെ കൂടുതൽ പ്രത്യാശകൾ നിക്ഷേപിച്ചു അവർ അഞ്ചാം ക്ലാസ്സിലേക്കയച്ചു. ചെറുക്കൻ ഏഴാം ക്ലാസ്സു ഒന്നു ജയിച്ചെങ്കിൽ! അവർക്കു അതിൽ കൂടുതൽ ഒന്നും വേണ്ടാ. വ രൂപാ ശമ്പളത്തിൽ ഒരു ഉദ്യോഗം. അതിൽ രണ്ടു രൂപാ മാനേജർക്കു പോയാലെന്തു്? അവൻ ഒരു സാറായി.

ഒരു ഒററക്കണ്ണെങ്കിലും വീണാൽ മതിയെന്നു വിചാരിച്ചു പകിടയുരുട്ടുന്നവനു മിക്കപ്പോഴും പന്ത്രണ്ടു വീഴുന്നതിലാണ നിയതിയുടെ വികൃതിയിരിക്കുന്നതു്. അതിൽ ആപരാപ്പരനു ഏതോ ഒരു രസമുണ്ട്. രവിയുടെ അച്ഛൻ ഗോപാലപിള്ളയ്ക്കു പതി

നഞ്ചു രൂപാ ശമ്പളം കൊടുക്കാൻ അയാളുടെ മേലാവായ കമ്പനിയുടമസ്ഥനു മനസ്സുണ്ടായി. വീട്ടിലെ ചെലവു കഴിഞ്ഞു ഗോപാലപിള്ളക്കു രണ്ടു മൂന്നു രൂപാ മിച്ചംവന്നു. അയാൾക്കു സർവ്വആശകൾക്കും കേന്ദ്രമായിരുന്നതു് അന്നു രവി മാത്രമായിരുന്നു. പാവം! ഒരു മുഹൂർത്തത്തിൽ അവനെ ഇംഗ്ലീഷു സ്ക്കൂളിൽ കൊണ്ടുചേർത്തു. നക്ഷത്രത്തെ പിടിക്കുവാൻ പോയവന്നു ചന്ദ്രനെ കിട്ടിയതുപോലെ ആ ദമ്പതിമാർ ആഹ്ലാദമുൾക്കൊണ്ടു. സ്ക്കൂൾ ഫൈനൽ ക്ലാസ്സുവരെ പഠിച്ചെങ്കിൽ തങ്ങളുടെ മകനുണ്ടായേക്കാവുന്ന ഭാവിയെ അവർ ചിത്രീകരിച്ചു. എത്രയും അഭിമാനകരമായ ഒരു ജീവിതം. തങ്ങൾക്കു വയസ്സുകാലത്തു അവൻ ഒരു താങ്ങും തണലുമായിത്തീരും. ഉടുത്തൊരുങ്ങി വിദ്യാലയത്തിലേക്കു പോകുന്ന മകനെ നോക്കി ഗോപാലപിള്ള നിർവൃതിക്കൊള്ളും. അവന്റെ അമ്മ പാർവ്വതിയമ്മ അഭിമാനംകൊണ്ടും ആവേശംകൊണ്ടും പുളയും. അങ്ങനെ അപ്രതീക്ഷിതമായ ഒരു ജീവിത സരണിയിലേക്കു രവി കാലെടുത്തുകുത്തി.

അഞ്ചു നീണ്ട കൊല്ലങ്ങൾ അങ്ങനെ കഴിഞ്ഞു. രവി സെക്കൻറുഫോമിൽ പഠിക്കുമ്പോൾ വച്ച മാന്തയ്യ് വളർന്നു ഫലംഉതിർന്നു തുടങ്ങി. അന്നു വച്ച തെങ്ങിൻതയ്യ് രവിയെക്കാൾ വളരെ ഉച്ചത്തിൽ ഉയർന്നു. രവി അവന്റെ മാതാപിതാക്കളുടെ ഹൃദയത്തിൽ വാനോളം പൊങ്ങി. കാലംകഴിഞ്ഞുകൊണ്ടിരുന്നു. ഗോപാലപിള്ളയുടെ ജീവിതത്തിൽ കാണപ്പെടത്തക്ക പല വ്യതിയാനങ്ങളുമുണ്ടായി. രവിക്കു രണ്ടു സഹോദരന്മാരും ഒരു സഹോദരിയും ജാതരായി. ഗോപാലപിള്ളയ്ക്കു ഭാഗ്യത്തിന്റെ പൊൻകതിരുകൾ വീണ്ടും ദൃശ്യമായിത്തുടങ്ങി. അയാളുടെ ശമ്പളം ഇക്കാലംകൊണ്ടു ഒരു മുപ്പത്തിരണ്ടായി ഉയർന്നു. മററു സന്താനങ്ങളെയും യഥാകാലം വിദ്യാഭ്യാസത്തിനയച്ചു. അയാൾ ആവശ്യത്തിനു പണമുള്ള ഒരു മനുഷ്യനായി. ആ കരയിലെ സാമാന്യം ഭേദപ്പെട്ട ഒരു പ്രമാണിയായി അയാൾ ഉയർത്തപ്പെട്ടു. വളരെ പ്രയാസപ്പെട്ടു ഒരു മുന്നൂററിയൻപതു രൂപായും സ്ക്കൂൾ ഫൈനൽ പാസ്സായ ഒരു മകനും—രവിയും—അയാളുടെ സമ്പാദ്യമായി ശേഷിച്ചു. മനുഷ്യനൊന്നുദ്ദേശിക്കുമ്പോൾ അതിനു എതിരുകാണിക്കുന്നതിൽ ഈശ്വരനു ഒരു പ്രത്യേക രസമുണ്ടു്.

വിദ്യാലയങ്ങൾ വീണ്ടും തുറന്നു. വടക്കേവീട്ടിലെ മജിസ്ട്രേട്ടിന്റെ മകനും ചെമ്പരത്തിലെ ബാങ്കുമാനേജരുടെ മകനും കോളേജിലേക്കു പോകാൻ തീർച്ചയാക്കി. മിന്നാമിനുങ്ങിനു ഒരു പൊൻതാരകമായി മാറുന്നതിനു ആഗ്രഹമുണ്ടെങ്കിൽ വെള്ളത്തുള്ളിക്കു രത്നക്കല്ലായിത്തീരുന്നതിനു ആശയുണ്ടെങ്കിൽ, കാക്കക്കുഞ്ഞിനും കുയിൽഗീതി പാടുന്നതിനു വാഞ്ഛയുണ്ടെങ്കിൽ, അതിലൊന്നും വലിയ തെററില്ല. മററുള്ളവരുടെ മുമ്പിൽ മടുക്കുന്നതിനുള്ള മടിയോ അതോ പുത്രസ്നേഹത്തിന്റെ പാരമ്യമോ, അതോ! രണ്ടുമോ, ഗോപാലപിള്ളയിൽ ചല വികാരഭേദങ്ങൾ ഇളക്കിവിട്ടു. അയാൾ ചുഴിഞ്ഞാലോചിക്കാൻ തുടങ്ങി. രണ്ടു മൂന്നു ദിവസം അയാൾ പരിഭ്രാന്തനായി ഓടിനടന്നു. ഇപ്പോൾ ഒരു മുന്നൂററിയൻപതു രൂപായുണ്ടു്. ഒരാണ്ടുകൊണ്ടു അത്രയുംകൂടെ ഉണ്ടാക്കാം. അങ്ങനെയെങ്കിൽ കുറച്ചധികം പ്രയാസമുണ്ടെങ്കിലും എന്തുകൊണ്ടു എന്റെ മകനെക്കൂടെ കോളേജിൽ അയച്ചുകൂടാ. പൊങ്ങിപ്പൊങ്ങിവന്ന അഭിലാഷം, അയാളെ മുമ്പോട്ടു വലിച്ചു. അയാൾ അതിനു അടിമപ്പെട്ടു. ഒരു നല്ല ദിവസത്തിൽ രവി അച്ഛനമ്മമാരുടെ ആശീർവ്വാ

ട്ടുകൂടി കലാശാലയിലേക്കു യാത്രയായി. മഹനീയതയിലേക്കു കുതികൊള്ളുന്ന യുവത്വവും അതു നോക്കി നെട്ടുവീർപ്പിടുന്ന നാടൻ ദമ്പതികളും; അവർ കണ്ണുമറയുന്ന ഓമനപ്പുത്രനെ നോക്കി അല്പമൊന്നു നില്ക്കട്ടെ.

ആദ്യത്തെ രണ്ടു മൂന്നു മാസത്തേയ്ക്കു രവിക്കു വലിയ ചെലവില്ലായിരുന്നു. ഭക്ഷണത്തിനും വസ്ത്രത്തിനും ഫീസിനും കൂടി ന്യായമായ ചെലവു ഒരു ഇരുപത്തിയഞ്ചു രൂപായിൽ കവിഞ്ഞിരുന്നില്ല. അന്നയാൾ നാട്ടുംപുറത്തുകാരനായ ഒരു വിദ്യാർത്ഥിയായിരുന്നു. അതുവരെയ്ക്കും ആയാൾ ഒരു കോളേജ് വിദ്യാർത്ഥിയായിരുന്നില്ല. പക്ഷേ ദിവസങ്ങൾ കഴിഞ്ഞതിനോടുകൂടി ഭാവങ്ങളും പകർന്നുതുടങ്ങി.

സ്വന്തം വായിൽനിന്നു മുകളിലേക്കുപൊന്തുന്ന പുകച്ചുരുളിനെ നോക്കി രസിക്കുന്ന വിദ്യാർത്ഥിയ്ക്കറിഞ്ഞുകൂടാ ആ പുകയിൽ എത്രയായിരം ദീർഘനിശ്വാസങ്ങൾ അടങ്ങിയിരിക്കുന്നുവെന്നു; അവന്റെ പാദുകത്തിന്റെ മർമ്മരശബ്ദം എത്രയെത്ര നുറുങ്ങുന്ന എല്ലുകളുടെ ദയനീയ ശബ്ദത്തെ സാക്ഷീകരിക്കുന്നില്ല! അവന്റെ സുഗന്ധവസ്ത്രങ്ങളിൽ എത്രയായിരം രക്തത്തുള്ളികൾ സമ്മേളിക്കുന്നില്ല! പളപളത്തിളങ്ങുന്ന പട്ടുവസ്ത്രത്തിൽ മേളിപിടിച്ചു നടക്കുന്ന വിദ്യാർത്ഥിക്കു, ആ പുഞ്ചവരമ്പത്തുകൂടി ഓലക്കുടയും പിടിച്ചു പോകുന്ന വൃദ്ധപിതാവിനെ കാണാൻ കണ്ണില്ല. നാലടി മുമ്പോട്ടു പോകാൻ കാറ് എന്നലറുന്ന വിദ്യാർത്ഥി, പാറപ്പുറത്തുപോലും കാല്പാടു ഉണ്ടാക്കുന്ന ആ പാവത്തിനെ സ്മരിക്കാത്തതാണു പാതകം. ധാർഷ്ട്യത്തിന്റെയും ഔദ്ധത്യത്തിന്റെയും ഇരിപ്പിടമായ വിദ്യാർത്ഥി സാധുവായ തന്റെ പിതാവിനെ ഒന്നോർത്തെങ്കിൽ! പിതാവു അവിടെ പുത്രാഭിവൃദ്ധിയ്ക്കായി ഈശ്വരാർപ്പണം ചെയ്യുമ്പോൾ മകൻ ഒരു പകുതി നിരീശ്വരവാദിയായ പണ്ഡിതനായി. ഹൃദയമുള്ള വിദ്യാർത്ഥികൾ ഇനിയും ഉണ്ടായില്ലെങ്കിൽ ഈ വിദ്യാർത്ഥിലോകം ഇതോടൊത്തു നശിക്കണമേയെന്നു ഞാൻ പ്രാർത്ഥിച്ചുപോകും.

ഏഴെട്ടു മാസങ്ങൾ കൊണ്ടു രവി ഒരു നല്ല കോളേജ് വിദ്യാർത്ഥിയായിത്തീർന്നു. അവന്റെ നടത്തയിലും ഭാവത്തിലും പ്രത്യക്ഷങ്ങളായ പല ഭേദങ്ങളുമുണ്ടായി. ഇന്നവൻ രവിയല്ല, രവീന്ദ്രദേവാണ്. അവന്റെ പണത്തിന്റെ കണക്കു കൂടിക്കൊണ്ടിരുന്നു. എണ്ണമില്ലാത്ത പുസ്തകപ്പേരുകളും മററാക്കുമില്ലാത്ത ആവശ്യങ്ങളും രവി കണക്കിൽ കാണിച്ചുതുടങ്ങി. ഒരു കോളേജ് വിദ്യാർത്ഥിയുടെ സാക്ഷാൽ രൂപമറിയാത്ത ഗോപാലപിള്ള ഇതെല്ലാം വാസ്തവമെന്നു അനുമാനിച്ചു. ആ പുത്രവത്സലനു സ്വപുത്രനിൽ കുററം കാണുവാൻ ഒരിക്കലും കഴിഞ്ഞില്ല. അവന്റെ എഴുത്തിലെ ഓരോ പദവും പരമാർത്ഥത്തിന്റെ തിരതള്ളലാണെന്നു അയാൾ വിശ്വസിച്ചു. വീട്ടിൽ പട്ടിണിയായാലും തരക്കേടില്ല മകനു യാതൊന്നും കുറയരുതെന്നേ അയാൾക്കാശയുണ്ടായിരുന്നുള്ളു. രവിയുടെ സഹോദരന്മാരും മററും ഫീസുകൊടുക്കാതെ വിഷമിച്ചു. എങ്കിലും രവിയ്ക്കു ഒന്നിനും പ്രയാസം വന്നില്ല. അവനു രാവിലെ ബെഡ് കാഫി ശരിയായി തന്നെ വേണം. അതു കഴിഞ്ഞാൽ രണ്ടു ഗോൾഡ് ഫ്ളേക്കെങ്കിലും അത്യാവശ്യം. കോളേജിൽ വന്നതിൽപിന്നെ അവനു കാല് നിലത്തു തൊടുവാൻ പാടില്ല. ദിനംപ്രതി പോളിഷു ചെയ്ത പാദുകങ്ങൾ മാറിമാറി ധരിക്കണം. ഷർട്ടും മുണ്ടും സിൽക്കല്ലെങ്കിൽ അവനെന്തോ ഒരു കുറവാണ്. കോളേജിന്റെ സമീപമെങ്ങാനും നാടകമോ സിനിമയോ ഉണ്ടെങ്കിൽ അവിടെല്ലാം അവനു പോകണം. എന്തിന്! അവൻ തന്നെത്താനേ

പ്പൂഴിയിൽനിന്ന വാനത്തേക്കുയന്നു. സ്വന്തം മകനു സിഗററ്റു വലിക്കാനും ഡംഭടിക്കാനും പണമുണ്ടാക്കേണ്ടിവരുന്ന പിതാവിൻെറ വിധിവൈഭവത്തെ സ്മരിക്കുമ്പോഴാണു ഹൃദയം നുറുങ്ങുന്നതു്. ചിന്തയുടെ കണികയേററു ഇന്നത്തെ യുവഹൃദയം ഒന്നു തിരിഞ്ഞെങ്കിൽ!

ഗോപാലപിള്ളയുടെ ദീഘകാലത്തെ സമ്പാദ്യമായ മുന്നൂററിയൻപതു് രൂപാ ഒരു കൊല്ലംകൊണ്ടു രവി ഭംഗിയായി പൊടിച്ചു. മദ്ധ്യവേനലിനു അയാൾ വീട്ടിൽവന്നു. ആ സാധുദമ്പതികൾ തങ്ങളുടെ മകനെ അഭിമാനത്തോടും ആദരവോടുംകൂടി സ്വീകരിച്ചു.

വീണ്ടും കോളേജ് തുറന്നു. ഗോപാലപിള്ളയുടെ ഹൃദയത്തിൽ ഒരു വികാരവിപ്ലവമുണ്ടായി. എന്താണു ചെയ്യേണ്ടതെന്നു അയാൾക്കറിയാൻ പാടില്ല. വീട്ടിൽ ചെലവു കൂടിക്കൊണ്ടിരുന്നു. രവിയ്ക്കു ഒരു നാല്പത്തിയഞ്ചു രൂപയെങ്കിലും പ്രതിമാസം വേണം. പക്ഷെ അയാളുടെ ശമ്പളം മുപ്പത്തിരണ്ടിൽനിന്നും വളന്നില്ല. എങ്കിലും മകൻെറ പഠിത്തം എങ്ങുമല്ലാത്ത സ്ഥാനത്തുവച്ചു നിത്തുന്നതിനു ആ സ്നേഹസമ്പന്നനു തോന്നിയില്ല. എന്തോ ഒരു ഭൂതാവേശം ഉണ്ടായതുപോലെ അയാൾക്കു തോന്നി. എന്തോ ഒന്നു അയാളെ ആശ്വാസപ്പെടുത്തി. അയാളുടെ മുഖം ഗൗരവമായി. മകനെ കോളേജിലയയ്ക്കാൻ തന്നെ അയാൾ തീച്ചപ്പെടുത്തി. അതൊരു ഭാഗ്യച്ചിട്ടിയ്ക്കുള്ള ചേരലായിരുന്നുവെന്നു ഗോപാലപിള്ളയ്ക്കു ഉറപ്പുണ്ടായിരുന്നു. ഫലം എങ്ങിനെയെങ്കിലും വരട്ടെയെന്നു അയാൾ നിശ്ചയിച്ചു.

അത്യാവശ്യങ്ങൾക്കു മാത്രമാണെങ്കിൽ രവിയ്ക്കു ഒരു ഇരുപത്തിയഞ്ചു രൂപകൊണ്ടു നിത്താം. പക്ഷെ രവി ഒരു കോളേജ് വിദ്യാത്ഥിയായിപ്പോയി. സിഗററു കടക്കാരൻ അയാളുടെ നിത്യ സഹചാരിയായി. കാപ്പിക്കടക്കാരനു് എപ്പോഴും രവിയെ കാണണം. രവിയ്ക്കു് നിവൃത്തിയില്ലെന്നായി. അയാൾ അൻപതു രൂപയ്ക്കു വീട്ടിലേയ്ക്കു എഴുതി. രണ്ടാം കൊല്ലത്തിൽ ചെലവു കൂടുമെന്നായിരുന്നു അവൻെറ നിർദ്ദേശം. ഗോപാലപിള്ളയ്ക്കു് മകൻെറ എഴുത്തു കണ്ടപ്പോൾ ഒരു എരിച്ചിൽ. ആകപ്പാടെ നോക്കിയപ്പോൾ 28 രൂപ വരും. ബാക്കിക്കു എങ്ങോട്ടു പോകുന്നു. ഭായ്യയും ഭത്താവും കൂടി ഒന്നു മന്ത്രിച്ചു. എവിടെനിന്നോ ഒന്നുരണ്ടു ചില്ലറ ആഭരണങ്ങളും പെറുക്കി ഗോപാലപിള്ള പാഞ്ഞു. പിറെറദിവസം നാലു കാശും കുറയ്ക്കാതെ 50 രൂപാ മകൻെറ പേരിൽ ഗോപാലപിള്ള മണിയോർഡർ ചെയ്തു.

രവിയുടെ സ്ഥിതി, ദിവസങ്ങൾ കഴിഞ്ഞതോടെ വീണ്ടും ദയനീയമായിത്തുടങ്ങി. അയാൾ സാധുവായ അച്ഛനെ പിഴിഞ്ഞെടുക്കുവാൻ തുടങ്ങി. അനിയന്ത്രിതമായ ജീവിതം, വിവേചനതയില്ലാത്ത ജീവിതം, ചിന്താരഹിതമായ ജീവിതം രവിയെ വലച്ചു. അവനു് എപ്പോഴും കടം, പണത്തിൻെറ പ്രയാസം. എങ്കിലും ധാടിമോടികൾ കുറയ്ക്കാൻ പൊങ്ങിവന്ന ദുരഭിമാനം സമ്മതിച്ചില്ല. ഒരു ദിവസം കോപാവേശനായി അയാൾ അച്ഛനൊരു എഴുത്തയച്ചു. പഠിക്കുവാൻ അയച്ചിരിക്കുന്ന മകനു് വേണ്ടതെല്ലാം നൽകുന്നതിനു് അച്ഛൻ ബാദ്ധ്യസ്ഥനായിരുന്നുവെന്നു് ഒരു വേദാന്തം ആദ്യം പ്രയോഗിച്ചു. അതിൻെറ ശേഷം തൻെറ തൽക്കാല നില ഒന്നു വിസ്തരിച്ചു. കുറഞ്ഞപക്ഷം അറുപതു രൂപയില്ലെങ്കിൽ താൻ കോളേജിനു വെളിക്കാകുമെന്നും തൻെറ സ്ഥിതി ദയനീയമായിത്തീരുമെന്നും അവൻ അറിയിച്ചു.

എഴുത്തും വായിച്ചുകൊണ്ടു ഗോപാലപിള്ള വിവശനായി വീട്ടിൽ വന്നു കയറി. ഇരിക്കുവാനും നിൽക്കുവാനും കഴിവില്ലാതെ അയാൾ ഉരുണ്ടുതുടങ്ങി. പുത്രവാത്സല്യം അയാളെ തകിടംമറിച്ചുകൊണ്ടിരുന്നു. അയാൾ ഭാര്യയെ വിളിച്ചു സംഗതികൾ പറഞ്ഞു. അവർ ശേഷിച്ചിരുന്ന ഒരു താലി പറിച്ചു കയ്യിൽ കൊടുത്തു. ഗോപാലപിള്ള അതു കയ്യിലെടുത്തുകൊണ്ടു പറഞ്ഞു: "ഇതുകൊണ്ടും ഒന്നും ആകുകില്ല. ഇപ്പോൾ 50 രൂപ വേണം. ഇനിയും എട്ടുമാസത്തേക്കുകൂടെ പണം അയച്ചുകൊടുക്കണം താനും. ഒരു മൂന്നൂറു രൂപകൂടെ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ......... ആവൂ! ഈശ്വരാ............. ." സമയം കുറച്ചു കഴിഞ്ഞപ്പോൾ വീണ്ടും പ്രജ്ഞ വന്നവനെപ്പോലെ പിള്ള പറഞ്ഞു: "പാർവ്വതി! സാരമില്ല. ഈശ്വരനല്ലേ. ഞാനങ്ങോട്ടൊന്നിറങ്ങട്ടെ. രാവിലെ തന്നേ ഞാൻ തിരിച്ചു വരും." ആ പാതിരായുടെ നിശ്വാസംപോലെ ഗോപാലപിള്ള അന്ധകാരത്തിൽ ലയിച്ചു.

ആ അർദ്ധരാത്രിയുടെ മറവിൽകൂടി ഗോപാലപിള്ള ഒരു പത്തു നാഴിക നടന്നു. പുത്രസ്നേഹം ആ നിസ്വനെ മുന്നോട്ടു വലിച്ചുകൊണ്ടിരുന്നു. സ്വപുത്രനുവേണ്ടി അവസാനത്തെ കൈയ് പ്രയോഗിക്കാൻ അയാൾ സന്നദ്ധനായി. ഒരു വെള്ളിപ്പണിക്കാരന്റെ വീട്ടിലാണു ഗോപാലപിള്ള ചെന്നു കയറിയത്. ആ തട്ടാനുമായി അയാൾ ദീർഘാലോചന നടത്തി. രാവിലെ ആരും കാണാതെ തിരിച്ചുപോയി. തുടർന്നു നാലഞ്ചു ദിവസങ്ങൾ ഈ ദീർഘയാത്ര നടത്തിയിരിക്കണം. പുത്രപ്രസാദത്തിനുള്ള മഹാ യജ്ഞത്തിന് അയാൾ കരുക്കൾ ഒരുക്കുകയാണ്. ചിലപ്പോൾ ഭീതികൊണ്ട് അയാൾ വിറയ്ക്കുമായിരുന്നു. ചിലപ്പോൾ ഒന്നു ചിരിക്കും. ഒരു അഗ്നിപർവ്വതം പോലെ അയാൾ മൂളിക്കൊണ്ടിരുന്നു.

ആറേഴു ദിവസങ്ങൾക്കകം രവിക്ക് 50 രൂപാ കിട്ടി. കൂടാതെ രൂപാ താമസിച്ചതിൽ ഒരു ക്ഷമാപണവും. ഒരു ചിട്ടിയോ മറേറാ പിടിച്ചു ധാരാളം പണം കിട്ടിയതിനാൽ — വാസ്തവമാക്കിയാം — ഇനിയും പണത്തിനു പ്രയാസപ്പെടേണ്ടെന്നും പ്രത്യേകം കുറിച്ചിരുന്നു. രവിയൊന്നു ചിരിച്ചു. അയാൾക്കതല്ലാതെ മറെറാന്നും തോന്നിയില്ല. അച്ഛൻ അഭിനയിക്കുന്ന ഘോരരംഗങ്ങളറിയാതെ രവി വീണ്ടും കുബേരലോകത്തിലേക്കുയർത്തപ്പെട്ടു.

* * *

* * *

മാസങ്ങൾ രണ്ടുമൂന്നു കഴിഞ്ഞു. നാട്ടുകാരുടെയിടയിൽ ഒരു കുശുകുശുപ്പുണ്ടായി. ഒരു ദിവസം രാവിലെ മൂന്നു പോലീസുകാർ ഗോപാലപിള്ളയുടെ വീട്ടിൽ വന്നു. അവർ ആ വീടും പരിസരങ്ങളും സസൂക്ഷ്മം പരിശോധിച്ചു. പിള്ള ആധികൊണ്ടു പരിഭ്രാന്തനായി. പോലീസുകാർ ചിലതൊക്കെ അവിടെനിന്നും എടുത്തു. ഗോപാലപിള്ളയും ബന്ധനസ്ഥനായി. ഗോപാലപിള്ള കോടതിയിൽ ഹാജരാക്കപ്പെട്ടു.

പിതാവിന്റെ അറസ്റ്റ് വാർത്തയറിഞ്ഞ ഉടൻ തന്നെ രവി വീട്ടിലേക്കു തിരിച്ചു. അയാൾ കോടതിയിലേക്കു തന്നെ ചെന്നു. ആ "ജയിൽപ്പുള്ളിയെ" ഒന്നേ നോക്കിയുള്ളു. വിസ്താരത്തിനും മററുമാവശ്യമുണ്ടായിരുന്നില്ല. ഗോപാലപിള്ള കുററം സമ്മതിച്ചു എങ്കിലും അയാൾക്കൊരു സംതൃപ്തിയുണ്ടായിരുന്നു. ജഡ്ജി വിധി വായിച്ചു. "കള്ളനാണയ നിർമ്മാണ കുററം ചുമത്തി പ്രതി ഗോപാലപിള്ളയെ ആറു വർഷത്തേക്കു കഠിനതടവിനു വിധിച്ചിരിക്കുന്നു." രവിദേവ് കോടതിയിലേക്കു മറിഞ്ഞു.

M. E. Cherian.

# ലോകഗതി

(C. J. Abraham)

ഒരു സായാഹ്നത്തിൽ മാസ്റ്റർ ലോറൻസ് വർത്തമാനപ്പത്രം വായിച്ചുകൊണ്ടു കിടക്കുമ്പോൾ ആരോ കതകിൽ മുട്ടുന്ന ശബ്ദം കേട്ടു.

"ആരെടാ അത്?" എന്നദ്ദേഹം കോപസ്വരത്തിൽ ചോദിച്ചു.

"അങ്ങയുടെ പഴയ സ്നേഹിതൻ ചാറൽസ്."

"ഛീ! ഇറങ്ങെടാ പുറത്ത്. പഴയ സ്നേഹിതൻ......ഇവിടെ കണ്ടുപോകരുത് നിന്നെ."

കൽക്കട്ടാ സർവ്വകലാശാലയിൽ പഠിക്കുമ്പോൾ അവർ ഉത്തമ സഖികളായിരുന്നു. ഇതാണല്ലോ ലോകഗതി എന്നു ചാറൽസ് അപ്പോൾ വിചാരിച്ചു. കഷ്ടിച്ചാറു മാസം കഴിയുന്നതിനു മുൻപു ലോറൻസ് കടബാധിതനായി അറസ്റ്റ് ചെയ്യപ്പെട്ടു. നോക്കുക, മനുഷ്യന്റെ സ്ഥിതി!

ഇവ പ്രത്യേക സംഭവങ്ങളെന്നു പറഞ്ഞുകൂടാ. തുറന്ന കണ്ണുകളോടുകൂടി നാം ലോകത്തെ വിക്ഷിക്കുന്നതായാൽ ഇതുപോലുള്ള അനേകമനേകം സംഭവങ്ങൾ കാണുവാൻ സാധിക്കും. ചിലപ്പോൾ നാം അവയെ പ്രത്യേകം സൂക്ഷിച്ചുവെന്നു വരികയില്ല. വൈദ്യുതദീപങ്ങൾ, പങ്കാ, കുഷ്യൻ കിടക്ക, സ്പ്രിംഗ് കസേര ആദിയായവയോടുകൂടി മനോഹര കെട്ടിടങ്ങളിൽ ശക്തിമഹത്വങ്ങളെ കരസ്ഥമാക്കി ജീവിക്കുന്ന ധനവാന്മാർ—അതേ, സമുദായപടികളിൽ ഏററവും ഉയർന്നതിൽ സ്ഥിതിചെയ്യുന്നവർ തന്നെ—അധിക താമസംകൂടാതെ കഷ്ടത, ദുരിതം, ദാരിദ്ര്യം എന്നിവകളുടെ വിളനിലമായി കാണപ്പെടുന്നു. എന്തൊരു വ്യത്യാസം! മനുഷ്യന്റെ ബുദ്ധിശക്തിക്കു അഗോചരമായിട്ടുള്ള ഒരു മാററം!!

ഇതാണ് ലോകത്തിന്റെ ഗതി. നന്മ ചെയ്യാനോ ബുദ്ധിപൂർവ്വമായി പ്രവർത്തിക്കുവാനോ കഴിവില്ലാത്ത ഏററവും നിസ്സാരമായ ഒരു ജീവിയാണ് മനുഷ്യൻ. ചന്ദ്രപ്രകാശിതമായ ഒരു രാത്രിയിൽ ആകാശത്തേക്കു നോക്കുക. നമ്മുടെ ഭൂമി അനേക ശതം നക്ഷത്രങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ എത്രയോ നിസ്സാരമായിട്ടുള്ള ഒന്നാണ്. അതിൽതന്നെ മനുഷ്യന്റെ നിലയെന്ത്? ഒന്നുമില്ല. വെറും ഒരു ജന്തു മാത്രം. പ്രകൃതിയിലേക്കു നാം നമ്മുടെ കണ്ണുകളെ ഒന്നോടിക്കുക. എന്തൊരു ഭംഗി! എന്തൊരാനന്ദം!! എന്തൊരു ശോഭ!!! പ്രകൃതിദേവിയുടെ ഭൂഷണങ്ങളായ നദികൾ, തോടുകൾ, സൌരഭ്യപൂരിതമായ പുഷ്പങ്ങൾ വഹിക്കുന്ന ചെടികൾ, സുവർണ്ണനിറത്തിലുള്ള കായ്കനികൾ, സൌരഭ്യം ചുമക്കുന്ന മന്ദമാരുതൻ, കൺ കളിപ്പിക്കുന്ന ചെറുപ്രാണികൾ, എന്നു വേണ്ട, ആകെ ആകർഷണനിയം തന്നെ. ഇതുമായി നോക്കുമ്പോൾ മനുഷ്യന്റെ സ്ഥിതിയെന്ത്? അവനു സൌന്ദര്യമില്ല. അവനു ഭംഗിയില്ല. അവനു സൌരഭ്യമില്ല. ശാസ്ത്രസംബന്ധമായ പരിവേഷണങ്ങളും കണ്ടുപിടുത്തങ്ങളും സാധിക്കുന്ന അവന്റെ ബുദ്ധിശക്തിയെപ്പററി അവൻ അഹങ്കരിച്ചേക്കാം. അനേക വിധത്തിലുള്ള അതിശയപ്രവൃത്തികൾ അവനു സാധിച്ചുവെന്നു വരാം. പക്ഷെ അഖിലാണ്ഡത്തിൽ അവൻ ആര്? ഒരു ചെറുമണൽത്തരി. ഒരു എറുമ്പ്! അഥ

വാ ഇന്നു കാണുന്നതും നാളെ കാണാത്തതുമായ ഒരു ചെറുപ്രാണി.

ഈ ലോകത്തിൽ സുസ്ഥിരമായി യാതൊന്നുമില്ല. നാം ഇവിടെ കാണുന്നതെല്ലാം വെറും മായ മാത്രമാണ്. സൌരഭ്യം കൊണ്ടും ഭംഗികൊണ്ടും നമ്മെ ആകർഷിക്കുന്ന മനോഹര പുഷ്പങ്ങൾ അല്പം കഴിയുമ്പോൾ സൂര്യന്റെ കൊടുംവെയിലിൽ വാടിക്കരിഞ്ഞു ഭൂമിയിൽ വീഴുന്നു. അതിന്റെ ഭംഗിയെവിടെ? മണമെവിടെ? മധു തേടി പുഷ്പങ്ങൾതോറും സഞ്ചരിക്കുന്ന ചെറുപ്രാണികൾ ഒരു ദിവസം കഴിയുമ്പോൾ നിർജ്ജീവ വസ്തുക്കളായി ഭൂമുഖത്തുനിന്നും നീക്കപ്പെടുന്നു. മനുഷ്യജീവിതവും അതുപോലെതന്നെ. ഉത്സാഹഭരിതനായി, ആശകളോരോന്നും സാധിക്കുന്നതിനായി അവൻ ബദ്ധപ്പെടുന്നു. ലോകമവന്റെ കളിപ്പാട്ടമാണ്. അതിലെ വസ്തുക്കൾ അവന്റെ സഖികൾ. പ്രണയം അവന്റെ കൂടെപ്പിറപ്പ്. ചുരുങ്ങിയ ഒരു കാലം കഴിയുമ്പോൾ അവനെ നാം എങ്ങനെ കാണുന്നു? വടിയെ ആശ്രയിച്ചു കഴിയുന്ന ഒരു വൃദ്ധൻ. രോഗബാധിതനായി ലോകത്തോടു യാത്ര പറയുവാൻ അവസരം കാത്തുകൊണ്ടു കിടക്കയെ ശരണം പ്രാപിച്ച ഒരു അസ്ഥിക്കൂടം. യൌവ്വനത്തിളപ്പിൽ ഒററപ്പുഞ്ചിരികൊണ്ടു ആയിരക്കണക്കിനാളുകളുടെ ഹൃദയം ചലിപ്പിക്കുന്ന സിനിമാതാരങ്ങൾ—വാർദ്ധക്യത്തിൽ അവരുടെ സ്ഥിതിയെന്തു്? മനുഷ്യൻ ഇതു വേണ്ടതുപോലെ മനസ്സിലാക്കുന്നുവോ? അവന്റെ ജീവിതത്തിന്റെ അസ്ഥിരത അവൻ ഗ്രഹിച്ചിട്ടുണ്ടോ?

'ആഡിസൻ' പ്രദാനം ചെയ്യുന്ന ചിത്രം എത്രയും ഉചിതമായിട്ടുള്ളതാണ്. മറഞ്ഞിരിക്കുന്ന അനേകം കുഴികളുള്ള ഒരു പാലത്തിലെ സഞ്ചാരികളാണ് മനുഷ്യർ. ശോഭനവസ്തുക്കളെത്തേടി നടക്കുമ്പോൾ മനുഷ്യൻ ആ കുഴിയിൽ ചാടുകയും അതിൽക്കൂടി നിത്യതയാകുന്ന ജലപ്രവാഹത്തിൽ വീണ് അവസാനിക്കുകയും ചെയ്യുന്നു. ഉത്സാഹഭരിതനായി ഓടിനടന്ന മനുഷ്യൻ ഇപ്പോൾ ഇതാ ആ പ്രവാഹത്തിൽ നീന്തിത്തുടിച്ചു അന്തിമശ്വാസം വിടുന്നു. ആ നിത്യതയാകുന്ന സമയവുമായി നോക്കുമ്പോൾ നമ്മുടെ ആയുഷ്കാലമെന്നു പറയുന്ന അറുപതു കൊല്ലങ്ങൾ വേഗം തീരുന്ന ഒരു നിമിഷം മാത്രം.

അപ്പോൾ നമ്മുടെ ജീവിതമെന്നു പറയുന്നതു വെറും ഒരു സ്വപ്നമോ മായയോ അത്രെ. സ്വപ്നത്തിൽ മനുഷ്യൻ ഏതെല്ലാം വിധത്തിൽ സന്തുഷ്ടനാകുന്നു. നളിനാക്ഷിമാരോടുകൂടി നൃത്തത്തിൽ പങ്കെടുക്കുന്നു. ഉത്തമസഖികളൊന്നിച്ചു യാത്ര ചെയ്യുന്നു. കണക്കില്ലാതെ ധനം സമ്പാദിക്കുന്നു. പക്ഷെ ഉണന്നു കഴിയുമ്പോൾ അവന്റെ സന്തോഷം ദുഃഖമായി പരിണമിക്കുകയാണ് ചെയ്യുന്നതു്. സ്വപ്നവേളയിലെ സൌഭാഗ്യങ്ങളെല്ലാം അയഥാർത്ഥങ്ങളെന്നു അപ്പോളവൻ ഗ്രഹിക്കുന്നു. അതേ, അതുപോലെയാണ് ജീവിതവും. ആയുസ്സിൽ എന്താണ് അവൻ സാധിക്കുന്നതു്? ഒന്നുമില്ല. അഹംഭാവത്തിന്റെ തള്ളലിൽ തന്നിൽക്കവിഞ്ഞു് ആരുമില്ലെന്നു മനുഷ്യൻ ഭാവിക്കുന്നു. അനേക കാര്യങ്ങൾ ചെയ്തു് കീർത്തി സമ്പാദിക്കുവാൻ അവൻ ശ്രമംകൊള്ളുന്നു. പക്ഷെ ഇവയൊന്നും തന്നെ സാധിക്കുന്നതിനു മുൻപു അതാ വരുന്നു, അവന്റെ പരമശത്രു—മരണം!

"ഇഹലോകമെല്ലാമൊരു നാടകം താൻ
അതിലെ ജനങ്ങൾ നടീനടന്മാർ."

എന്ന 'ഷേക്സ്പീയരു'ടെ തത്വത്തിൽ വ

ലിയ വാസ്തവം അടങ്ങിയിട്ടുണ്ട്. ഓരോ നടനും കാഴ്ചക്കാരുടെ മുൻപിൽ പ്രത്യക്ഷപ്പെട്ടു അവൻെറ ഭാഗം നിർവ്വഹിച്ചശേഷം സ്ക്രീനിൻെറ പിൻപിൽ മറയുന്നു. അതുപോലെ മനുഷ്യനും ലോകസമക്ഷം പ്രത്യക്ഷപ്പെടുന്നതിനു ശ്രമിക്കുന്നു. പക്ഷെ അടുത്ത നിമിഷത്തിൽ അവനെ നാം കാണുന്നില്ല. ഇവയൊന്നും മനുഷ്യൻ മനസ്സിലാക്കുന്നില്ല. അവൻ അഹംഭാവത്തിൻെറ ഇരിപ്പിടമാണ്. തന്നെത്താൻ അവനറിയുന്നില്ല. ഇതേപ്പററി ചിന്തിക്കുവാൻ അവനു സമയവുമില്ല. മനുഷ്യൻ അറിഞ്ഞിരിക്കേണ്ട ഒന്നാമത്തെ തത്വം അസ്ഥിരത നിറഞ്ഞ ഒരു മായാലോകത്തിൽ വസിക്കുന്ന ഏററവും നിസ്സാരമായ ഒരു ജീവിയാണ് അവൻ എന്നുള്ളതത്രെ.

---

## ദേശിംഗനാട്ടെ നസ്രാണിപ്രഭ

(വി. എം. തോമ്മസ് ശെമ്മാശൻ, ക്ലാസ്സ് iii)

ഹിമവൽ സേതുപര്യന്തം നീണ്ടുനിവിന്നു കിടക്കുന്ന ഭാരതഭൂമിയുടെ ഭാസുരവക്ഷസ്സായ ദേശിംഗനാടെ, ഭവതി വിജയിച്ചാലും!! അതീത കാലഘട്ടങ്ങളിലെ അനുപമൈശ്വര്യ പ്രചുരിമയാൽ വിദേശ വണിക്കുസമൂഹത്തെ അത്യാകൃഷ്ടമാക്കി ധനപ്രബലതയും മനപ്രഗത്ഭതയും കൈവളർത്തിയ ഭവതി, ആ പതിനഞ്ചാം ശതകത്തിൽ കേരളോർവ്വിയുടെ മണിമകുടമായി തന്നെ പരിലസിച്ചിരുന്നില്ലേ? ജയസിംഹനാട്ടിൻെറ കനകഭണ്ഡാഗാരമായി, രാജ്യലക്ഷ്മിയുടെ ശുഭനടനരംഗമായി, പ്രഭാവത്തിൻെറ വിളനിലമായി, രാജകുടുംബത്തിൻെറ അചഞ്ചലാലംബശ്രേണിയായി പരിശോഭിച്ചിരുന്ന ആ പരദേശികവത്തരാകട്ടെ രക്ഷാ ശിക്ഷാധികാരസംയുക്തരായി, ആയുധശാലാധികാരികളായി, പട്ടണമദ്ധ്യത്തിൽ ഭവതിയുടെ വിജയവൈജയന്തിയായി കാണപ്പെട്ടിരുന്നുവല്ലൊ.

അറബികൾ, പറങ്കികൾ, റോമർ തുടങ്ങിയ വർത്തകപ്പരിഷകൾ ആ വിജയക്കൊടിയുടെ സാന്ദ്രച്ഛായയിൽ ധനസമ്പാദനോൽസുകരായി, ആ വിശിഷ്ട വാണിജ്യാഗാരത്തെ സദാ വലയം ചെയ്തുപോന്നു. മാംസാസ്ഥിക്ഷണങ്ങൾക്കു കടിപിടി കൂട്ടുന്ന ശുനകവീരരെപ്പോലെ പാരദേശികവണിക്കുകൾ വിഭവസമൃദ്ധിയെ കൊതിച്ചു ഭവതിയുടെ ഐശ്വര്യപ്രവാഹിനിയിൽ അഹമഹമികയാ ആറാടുക തന്നെ ചെയ്തു. പക്ഷെ നന്ദിയില്ലാത്ത ആ പരിഷ 'ഭജനം മൂത്തു് ഊരാണ്മ'യായ മട്ടിൽ സ്വാധികാരശൃംഖലയാൽ ഭവതിയുടെ കാൽതണ്ടുകളെ ബന്ധിക്കുകയാണുണ്ടായതു്. ഉടമ്പടികൾ ഉടഞ്ഞു, വ്യവസ്ഥകൾ ലംഘിതങ്ങളായി, അന്യോന്യവിശ്വാസം നശ്വരമായി, വിദ്വേഷം വർദ്ധിതമായി, അറേബ്യൻകടലിലെ തിരമാലകളുടെ മേൽത്തട്ടിൽ വിജയനർത്തനം ചെയ്തിരുന്ന പറങ്കിക്കപ്പലുകളിലെ പീരങ്കിനിരകൾ സമരസന്നദ്ധോത്സാഹസൂചകമായി ദേശിംഗനാടിനെ അഭിമുഖീകരിച്ചു. കുടികൾ കിടുങ്ങി, പാളയം കലങ്ങി, രാജവംശം നടുങ്ങി, പുരവാസികൾ പരിഭ്രാന്തകമ്പിതരായി, ദേശിംഗനാട്ടു രാജകിരീടം സ്വശിരസ്സിലണിയുന്ന 'ആഴിപ്പണ്ടാരി' മഹാറാണി തന്നെയും ഭയപരവശയായി ഭവിച്ചു. 'പള്ളിയാർ പെരുമയാണ്ടുപോരുന്ന' നസ്രാണി പട്ടണമദ്ധ്യത്തിൽ പറങ്കിപ്പീരങ്കിയുണ്ടകൾ പേമാരി തൂകി. സമരരംഗം അതിഗംഭീരമായി.

## ii

ദേശിംഗനാട്ടു രാജകൊട്ടാരക്കോട്ടമതിലുകൾക്കുള്ളിൽ ഉപശ്രുതി മുഴക്കിയിരുന്ന പീരങ്കിധ്വനി ഒരു താല്ക്കാലികസന്ധിബന്ധത്താൽ രാജ്യരക്ഷാസമ്പാദനത്തിനു രാജ്ഞിഹൃദയത്തെ അനുസ്യൂതപ്രചോദനം ചെയ്തു. "ജഗദീശ, ഭക്തവത്സലാ! ഈ ആപൽസന്ധിയിൽ ഈ വിശിഷ്ടഭൂമിയുടെ സ്വാതന്ത്ര്യസംരക്ഷണത്തിനു വേണ്ടി ആരൊരാൾ ദൌത്യം വഹിക്കുന്നു" എന്നൊരു പരിദേവനനിനദം മഹാറാണി തിരുമനസ്സിലെ പ്രകമ്പിതാധരമാർഗ്ഗം ബഹിർഗ്ഗമിച്ചു. "ആരൊരാളുടെ വചോമധുര്യത്താൽ പറങ്കിവീര്യം സ്നേഹാർദ്രലളിതമായി പരിണമിക്കുന്നു? ആരൊരാളുടെ ധിഷണാവൈഭവത്താൽ ഈ പ്രാചീന ഭൂവിഭാഗം നാശഗർത്തസമുദ്ധാരണം പ്രാപിക്കുന്നു? സാമ്പത്തികവും, സമാധാനപരവും, സർവ്വോപരി സൌഹാർദ്ദസങ്കലിതവുമായ ഒരു സ്വൈരജീവിതം ആരൊരാളുടെ വചോധാരയാൽ സംസിദ്ധമാകുന്നു. ദീനവത്സലാ! അതിപ്രശസ്തമായ ഈ പുരാതനരാജ്യത്തെ പറങ്കിത്തോക്കുകളിൽനിന്നു വീണ്ടെടുപ്പാൻ ഏതൊരാളെ അടിയൻ പ്രതിനിധിയായി അയക്കേണ്ടു? അടുത്ത മുഹൂർത്തത്തിൽ ദേശിംഗനാട്ടു പറങ്കിരാജ്യമായി ഭവിക്കത്തക്കവണ്ണം ശത്രുവീര്യം സീമാതമായി ഗർജ്ജിക്കുന്നുവല്ലോ."

അല്പനിമിഷങ്ങൾക്കുള്ളിൽ 'ആഴിപ്പണ്ടാരി' തിരുമനസ്സിലെ പ്രിയ സോദരി 'കുമാരിരാജ്ഞി' റാണിസന്നിധിയിൽ എത്തി ഉണർത്തിച്ചു. "യുദ്ധം അതിഭയങ്കരം. ദേശിംഗനാട്ടു സൈന്യങ്ങൾ പറങ്കിപ്പീരങ്കികൾക്കിരയായി കണക്കില്ലാതെ ചത്തൊടുങ്ങുന്നു. നമ്മുടെയും രാജ്യത്തിൻെറയും നിലനില്പിനുവേണ്ടി നമ്മുടെ പെൺപടനായികയായ നസ്രാണി 'കൊച്ചുക്കയെ' സമാധാനദൂതിയായി പറങ്കിക്കപ്പലിലേക്കു തൽക്ഷണം അയപ്പാൻ തിരുവുള്ളമുണ്ടായാലും." മഹാറാണിയുടെ ആശാദീപം പ്രകാശിച്ചു. ആ അംഗനാരത്നം സ്വസൈന്യനായികയും നസ്രാണിപ്രഭ്വിയുമായ കൊച്ചുക്കയെയും നസ്രാണിപ്രഭുക്കന്മാരെയും കൂട്ടിക്കൊണ്ടുവരുവാൻ ഹരിക്കാരെ നിയോഗിച്ചു.

## iii

ആയിരത്തിഅഞ്ഞൂററി രണ്ടാമാണ്ട് ആഗസ്റ്റ് മാസം അഞ്ചാംതീയതിയിലെ സുപ്രഭാതം ആത്മാഭിമാന പൌരുഷശാലികളായ ദേശിംഗനാട്ടുനസ്രാണിവീരന്മാരുടെ ശുഭചര്യാചരിതത്തിൽ സ്വർണ്ണലിപികളാൽ വിലേഖിതമായ ഒരദ്ധ്യായം തന്നെയാണ്. ദേശിംഗനാടിൻെറ യശഃസ്തംഭമോ എന്നു ഏതാന്നുമാറു മനോമോഹനമായ വെള്ളക്കല്ലുകളാൽ നിർമ്മിതമായതും ഒരു പൌരസ്ത്യമതത്തിൻെറ വിശുദ്ധ മുദ്രാങ്കിതവുമായ 'തോമ്മാപ്പള്ളി'യിലെ മണിമേടയിൽനിന്നും ഇടവിടാതെ മുഴങ്ങിക്കൊണ്ടിരുന്ന ആ മണിനാദം നാട്ടുടയതിരുമങ്കയായ 'ആഴിപ്പണ്ടാരി'തിരുമനസ്സിലെ ശയ്യാഗൃഹത്തിൽനിന്നും പുറപ്പെടുന്ന വൈതാളികധ്വനിയുമായി സമ്മേളിച്ചു പശ്ചിമസാഗരത്തിലെ ചക്രവാളപരധികളിൽ മാറെറാലിക്കൊണ്ടിരുന്നു.

അയ്യായിരത്തിൽപരം നസ്രാണിഭവനങ്ങളുടെ ആരാധനാലയത്തിൽനിന്നും പുറപ്പെടുന്ന ആ ഘണ്ടാരവത്തെ ലാക്കാക്കി ഹിമാലയശൃംഗപ്രവഹിതയായ ഗംഗാനിർന്ധരം കണക്കെ ഒരു വിപുലജനപ്രവാഹവും ആരംഭിച്ചു. അനേക ആണ്ടുകളായി തങ്ങളുടെ വിമലരക്തത്തെ മാതൃഭൂമിക്കുവേണ്ടി ഊററിക്കൊടുപ്പാൻ സർവ്വഥാസന്നദ്ധരായ ആ വീരനസ്രാണികൾ ആരോ, വാണിജ്യവ്യവസായത്തിലും കപ്പലോട്ടത്തി

ല്ലം കേളികേട്ട ആ ധീരന്മാർ ആരോ, ഇപ്പോഴും ദേശിംഗനാടിൻെറ സമുദ്ധാരണത്തിനു പരികരം കെട്ടിയ ആ രാജ്യസേവാനിരതന്മാരാരോ ആ പൂർവ്വീക നസ്രാണികൾ തന്നെ തങ്ങളുടെ നാടിനെയും റാണിയെയും ശത്രുപീഡയിൽനിന്നും പരിത്രാണനംചെയ്യുവാൻ സന്നദ്ധരായി.

## iv

ദേശിംഗനാട്ടു രാജ്യത്തിൻെറ പശ്ചിമോത്തരപരധിയെ പരിവേഷ്ടനംചെയ്തു സമുദ്രാഭിമുഖമായി നീണ്ടുപോകുന്ന പ്രധാന രാജപാത ശുഭ്രവർണ്ണവ്യാവൃതമായ പഞ്ചാര തരിമണലിലൂടെ പരിസരങ്ങളിൽ പുഞ്ചിരിപ്പൂകൊണ്ടിരുന്നു. പറങ്കിക്കപ്പൽ സേനാനായകനായ 'റോഡ്റിക്സ്'മായി രാജ്യത്തിനും, രാജകുടുംബത്തിനും വേണ്ടി സന്ധി പറയുവാൻ ആ നസ്രാണി പ്രഭ്വി ആനഅമ്പാരിയിൽ ആസനസ്ഥയായി കടൽത്തീരത്തേക്കു നിഷ്ക്രമിച്ചു. അതിപ്രാചീനകാലം മുതൽ പെരുമാക്കന്മാരിൽനിന്നും ലഭ്യമായ രാജകീയ പദവികൾ ആ ഘോഷയാത്രാഘട്ടത്തിൻെറ പ്രഭാവഗാംഭീര്യത്തെ എന്തെന്നില്ലാതെ വർദ്ധിപ്പിച്ചു.

ഒരു ഭാഗത്തു പച്ചക്കുട, മറുഭാഗത്തു പവിഴക്കുട, മുൻപിൽ മുത്തുക്കുട, പിൻപിൽ തങ്കക്കുട, ഇരുവശവും ഭൈരവമദ്ദളങ്ങളുടെ ധ്വനി, പാർശ്വതലത്തിൽ പഞ്ചവാദ്യങ്ങളുടെ സഞ്ചിതപ്രഘോഷം, പുരോഭാഗത്തു വാദ്യരവം, ഇടയ്ക്കിടയ്ക്കു നടവിളി, അവിടവിടെ വീരകാഹളാരവം. ഇത്തരുണത്തിൽ വിസ്തൃതഗംഭീരമായ തരംഗമൃദംഗധ്വാനപരമ്പര മുഴക്കി ആ യാത്രാവേളയെ രമണീയമാക്കി വന്നു.

ദേശിംഗനാട്ടു റാണിയുടെ പ്രാതിനിദ്ധ്യം കൈക്കൊണ്ട് അമ്പാരിയിൽ ഉപവിഷ്ടയായിരുന്ന ആ മടവാർമണി, കടകാലംകൃതവും അധികാരസൂചകവുമായ ഒരു ഉടവാൾ കരതലത്തിൽ ഏന്തിയിരുന്നു. രാജോചിതമായ ഒരു മുത്തുമാല വിസ്തൃതമാറിൽ അണിഞ്ഞ്, കാൽചിലമ്പും തോൾവളയും ധരിച്ച്, വീരശൃംഖലയും കച്ചപ്പുറവും ചാർത്തി, സ്വവർഗ്ഗസഹജമായ ചാരിത്രനിഷ്ഠാദ്യോതകമായ വിമലാക്ഷികളോടും, അജയ്യയായ സിംഹിയുടെ പ്രശാന്തഗാംഭീര്യത്തോടും പ്രശോഭിച്ചിരുന്ന ആ സേനാപതിപാർശ്വങ്ങളിൽ രണ്ടായിരത്തിൽപരം വീരയോദ്ധാക്കൾ നടകൊണ്ടിരുന്നു.

ആകാശതലത്തിലുയർത്തപ്പെട്ട അംബരചുംബികളായ ശുഭ്രപതാകകളുടെ ശുഭസൂചകമായ പ്രചഞ്ചലനത്തനം പ്രകമ്പിതമായ പറങ്കിപ്പീരങ്കികളുടെ 'ഭും'കാരനാദത്തെ ശാന്തമാക്കി. പോർട്ടുഗീസ്പടക്കപ്പലുകളുടെ പായ്മരത്തട്ടുകൾ വെള്ളക്കൊടിക്കൂറകളാൽ ആകമാനം ആവരണം ചെയ്യപ്പെട്ടു. അതേ, ആ നസ്രാണിപ്രഭ്വിയുടെ സന്ധിസംരംഭം സഫലീകൃതമായി ചമഞ്ഞു.

## v

അല്ലയോ പ്രകൃതിമാതാവേ! ഭവതി ആരുടെ സന്ദർശനവേളയെ ഏവംവിധം സമംഗളമാക്കിത്തീർക്കുന്നു. ഭവതിയുടെ മൃദുലവസനമായ നീലാംബരം അനേകമായി ഞൊറിഞ്ഞുടുത്തും താരസമൂഹമണികളായ തങ്കപ്പതക്കത്തെ തിരുമാറിലണിഞ്ഞും പുഞ്ചിരിച്ചന്ദ്രികയെ നാലുപാടും ചിതറിവിതറിയും, ഏതൊരു വധൂമണി കൂടിക്കാഴ്ചയിൽ പുളകിതഗാത്രിയാകുന്നു? പ്രാചീന നസ്രാണികളുടെ പരിപാവനപദവികളെ എടുത്തു കാട്ടി ആ പോർട്ടുഗീസ് മേധാവിയിൽനിന്ന് ഒരു സുസ്ഥിരസന്ധി വാഗ്ദാനം കരസ്ഥമാക്കിയ നസ്രാണിപ്രഭ്വി

യും ദേശിംഗനാട്ടെ കനകസിംഹാസനത്തിൽ വാണരുളുന്ന ആഴിപ്പണ്ടാരിതിരുമേനിയും തമ്മിലുള്ള കൂടിക്കാഴ്ചയിൽ തന്നെ.

പറങ്കിക്കോട്ടയിൽനിന്നും ബന്ധവിമുക്തരായ സ്വദേസേനയുടെ പ്രത്യാഗമനത്താൽ മഹാറാണിതിരുമനസ്സിലെ മൃദുലഹൃദയം കോൾമയിർക്കൊണ്ടു. ചെങ്കോൽധാരിണിയായ ആഴിപ്പണ്ടാരി സുസ്മേരവദനയായി, ആ നസ്രാണിപ്രഭ്വിയുടെ അങ്കതലത്തിൽ സ്പർശിച്ചുകൊണ്ട് "നസ്രാണിവനിതകളുടെ യശഃസ്തംഭമേ, രാജഭക്തകലോത്തംസമേ, പറങ്കിപ്പീരങ്കിയെ പുഷ്പമാല്യമാക്കിയോളേ, നമ്മുടെ പ്രജാസഞ്ചയത്തിൽ അഭിവന്ദ്യർ നസ്രാണികളും അവർക്കു നട്ടനായകമായി ശോഭിക്കുന്നതു നീയും" എന്നുച്ചരിച്ചു ആ നസ്രാണിപ്രഭ്വിയുടെ പാടലാധരങ്ങളിൽനിന്നും നന്ദിസൂചകമായി ചില വചസ്സുകൾ പൊഴിയവേ, ഇളയറാണി 'കുമാരിരാജ്ഞി'യുടെ തൃക്കൈയിൽനിന്നും നിപതിച്ച കനകാലംകൃതമായ ഒരു വജ്രഹാരത്താൽ ആ വീരമഹിളയുടെ കണ്ഠനാളം തേജോമയമായി.

---

## Our Exchange Magazines

### 24th August, 1939, to 16th February, 1940.

1. The Sunflower, Women's Christian College Magazine, Madras.
2. The Indian Theosophist, Benares.
3. Wilson Bulletin, Madras.
4. The Journal of The Anamalai University, Anamalainagar.
5. The Government Victoria College Magazine, Palghat.
6. The National College Magazine, Trichinopoly.
7. St. Paul's College Magazine, Calcutta.
8. The Old College Magazine, Trivandrum.
9. The Ewing Christian College Magazine, Allahabad.
10. The Lucknow College Magazine, Lucknow.
11. The Pudukottai College Magazine, Pudukottai.
12. The Zamorin's College Magazine, Calicut.
13. The Indian Literary Review, Bombay.
14. Kishori Raman Inter College Magazine, Muttra.
15. The Indian Journal of Adult Education, Friends' Settlement, Hoshangabad.
16. The Forward, The Pennual English School, Malacca.
17. The Kottayam College Magazine, Kottayam.
18. St. John's College Magazine, Agra.
19. The American College Magazine, Madura.
20. The Maharaja's College Magazine, Ernakulam.

Printed by Mr. C. V. Mathew, at the C. M. S. Press, Kottayam,
and published by Mr. T. I. Poonen, M. A., Managing Editor, U. C. College Magazine, Alwaye.